കണ്ണൂരിൽ സ്പെഷ്യൽ സ്കാഡ് കണ്ടെത്തിയ ആയുധശേഖരം

81 (81) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ആയുധത്തെരച്ചിലിന് നിയോഗിക്കപ്പെട്ട ഇന്റലിജൻസ് ഡി.ഐ.ജി. വിൻസെന്റ് പോളിന്റെ നേതൃത്വത്തിൽ ഉള്ള സ്പെഷ്യൽ സ്കാഡ് കണ്ടെത്തിയ ആയുധശേഖരവും ബോംബുനിർമ്മാണവും സംബന്ധിച്ച വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ജില്ലയിൽ ആയുധങ്ങൾ കണ്ടെത്തിയ സംഭവങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസുകൾ പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) ഈ കേസുകളിൽ ആരെയെങ്കിലും അറസ്റ്റുചെയ്തിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇന്റലിജൻസ് ഡി.ഐ.ജിയുടെ നേതൃത്വത്തിലുള്ള സ്പെഷ്യൽ സ്കാഡ് കണ്ടെത്തിയ ആയുധ ശേഖരങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

ഇരുമ്പ് ദണ്ഡ്	-	7 എണ്ണം
മഴു	-	17 എണ്ണം
വാൾ	-	11 എണ്ണം
കഠാരി	-	6 എണ്ണം
ബിൽഹുക്ക്	-	16 എണ്ണം
തടി ദണ്ഡ്	-	4 എണ്ണം
ക്രോബാർ	-	1 എണ്ണം
സ്റ്റംമ്പ്	-	3 എണ്ണം
കത്തി	-	2 എണ്ണം
നാടൻ ബോംബ്	-	41 എണ്ണം
വെടി മരുന്ന്	-	2 കിലോ
സ്റ്റീൽ ബോംബ്	-	9 എണ്ണം
ഇല്ക്ട്രിക്കൽ ഡിറ്റനേറ്റർ	-	19 എണ്ണം
ഫ്യൂസ്	-	5 മീറ്റർ
ചങ്ങല	-	1 എണ്ണം
പോളിത്തീൻ ബാഗ്	-	1 എണ്ണം

LIBRARY ARCHIVES Kerala Legislative Assembly

സൾഫർ	-	4 കിലോ
ആക്സിൻ പീസ്	-	1 കിലോ
ഗ്ലാസ് പീസ്	-	4 കിലോ
സ്റ്റീൽ കണ്ടെയിനർ	-	6 കിലോ
ഡിറ്റനേറ്റർ	-	10 കിലോ
ചീനപ്പടക്കം	-	6 എണ്ണം

കൂടാതെ അലൂമിനിയം പൗഡർ, പൊട്ടാസ്യം ക്ളോറേറ്റ് ഡിറ്റണേറ്റർ റ്റോപ്സ്, ചണം, വെടിയുപ്പ് തുടങ്ങിയവയും കണ്ടെടുത്തിട്ടുണ്ട്.

(ബി) 32 കേസുകൾ.

(സി) മൂന്നുപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

പോലീസ് കസ്റ്റഡിയിൽ നിന്നും ബലാൽക്കാരമായി പ്രതികളെ മോചിപ്പിച്ച സംഭവം

82 (82) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസുകാർ അറസ്റ്റുചെയ്തവരെ പോലീസ് സ്റ്റേഷനിൽ നിന്ന് ബലാൽക്കാരമായി മോചിപ്പിച്ചുകൊണ്ടുപോയ എത്ര സംഭവങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉണ്ടായിട്ടുണ്ട് ;

(ബി) പോലീസ് സ്റ്റേഷന് പുറത്തുവച്ച് അത്തരം എത്ര സംഭവങ്ങൾ ഈ കാലഘട്ടത്തൽ ഉണ്ടായിട്ടുണ്ട് ;

(സി) ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) പോലീസ് സ്റ്റേഷനിൽ നിന്ന് ബലാൽക്കാരമായി മോചിപ്പിച്ചുകൊണ്ട് പോയതും, പോലീസ് സ്റ്റേഷനുപുറത്ത് വച്ച് ബലാൽക്കാരമായി പ്രതികളെ മോചിപ്പിച്ച് കൊണ്ടുപോയതും സംബന്ധിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിലെ പ്രതികൾ ഏതു രാഷ്ട്രീയ കക്ഷികളുടെ അംഗങ്ങളോ അനുഭാവികളോ ആണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇത്തരം സംഭവങ്ങളൊന്നും റിപ്പോർട്ടു ചെയ്തിട്ടില്ല.

(ബി) പോലീസ് സ്റ്റേഷന് പുറത്തുവച്ച് പോലീസ് കസ്റ്റഡിയിൽ നിന്നും പ്രതികളെ മോചിപ്പിച്ച് കൊണ്ടുപോയ 42 സംഭവങ്ങൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

(സി) 42 കേസുകൾ.

LIBRARY ARCHIVES Kerala Legislative Assembly